**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 100** **01-02-2023 - ൽ മറുപടിയ്ക്ക്**

**ബാലറ്റ് പെട്ടി കാണാതായ സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2021-ലെ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ നിയമസഭാ തെരഞ്ഞെടുപ്പിലെ ട്രഷറി സ്ട്രോംഗ് റൂമിൽ സൂക്ഷിച്ച ബാലറ്റുകളടങ്ങിയ പെട്ടി കാണാതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഭവത്തിൽ എന്ത് അന്വേഷണമാണ് നടക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 166/2023 U/s 134(1), 136(1)(c)(f)(g), 136(2)(a) Representation of People Act, 1951 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസിന്മേൽ ഊർജ്ജിതമായ അന്വേഷണം നടത്തുന്നതിന് മലപ്പുറം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. കേസ് അന്വേഷണാവസ്ഥയിലാണ്. |
| (സി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ബാലറ്റ് പെട്ടി കാണാതായ സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തുന്നതിന് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (സി) | ഉത്തരം (ബി) യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആരുടെയെല്ലാം പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (ഡി) | ഉത്തരം (ബി) യിൽ ചേർത്തിരിക്കുന്നു. |
| (ഇ) | പ്രസ്തുത സംഭവത്തിൽ എത്ര പേരാണ് കുറ്റക്കാരെന്നും ആരൊക്കെയാണ് ഇതെന്നും വിശദമാക്കുമോ? | (ഇ) | ഉത്തരം (ബി) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ